## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 643 10.03.2015 ൽ മറുപടിയ്ക്ക്

## ക്വാറി സമരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ക്വാറികൾക്ക് പെർമിറ്റ് നൽകുന്നതിനും പുതുക്കുന്നതിനും പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പിൻവലിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി 07.02.2015 ജി.ഒ(പി)നം. 16/2015/വ്യവ നമ്പരായി 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ചട്ടങ്ങളിലെ 68-ാം വകുപ്പ് പ്രകാരം അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരം മാത്രം ഖനനം നടത്താവൂ എന്ന പുതിയ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതിയ പെർമിറ്റ് അനുവദിക്കുന്നതിന് പരിസ്ഥിതി അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 09/01/2015 ൽ അംഗീകൃത ഖനന പെർമിറ്റ് ഉണ്ടായിരുന്ന ക്വാറികൾക്ക് മൈനിംഗ് പ്ലാൻ സമർപ്പിക്കാൻ 01.04.2016 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ക്വാറി സമരം മൂലം ഉടലെടുത്തിരിക്കുന്ന നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ നേരിടാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ക്വാറി-ക്രഷർ ഉടമകളുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്വാറി മേഖലയിലെ സമരം പിൻവലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ